മഹാകാവ്യം:

Dr. MINI NAIR'S MALAYALAM CLASSES
Mob: 9447863592

മലയാളത്തിലെ പൗരാണിക സാഹിത്യ പ്രസ്ഥാനത്തിൽപ്പെട്ടതാണ് മഹാകാവ്യം. സംസ്കൃതത്തിൽ നിന്നാണ് മലയാളം ഈ കാവ്യപ്രസ്ഥാനത്തെ കൈക്കൊണ്ടത്. സാഹിത്യ മീമാംസകനായ ആചാര്യ ദണ്ഡിയാണ് മഹാകാവ്യത്തിന് ലക്ഷണം നിർദ്ദേശിച്ചത്.

'സർഗ്ഗബന്ധോ മഹാകാവ്യമുച്യതേ തസ്യലക്ഷണം' എന്ന് തുടങ്ങുന്ന മഹാകാവ്യലക്ഷണം അതിലെ വർണ്ണനകളെക്കുറിച്ച് കൃത്യമായ നിർദ്ദേശം നൽകുന്നു. എട്ടിൽ കുറയാത്ത സർഗ്ഗങ്ങളും, അൻപതിൽ കുറയാത്ത പദ്യങ്ങളും ഉണ്ടായിരിക്കണം മഹാകാവ്യത്തിൽ. ഓരോ സർഗ്ഗത്തിലെയും അവസാനപദ്യത്തിന് വൃത്തഭേദം ഉണ്ടായിരിക്കണം. ഇതിവൃത്തം ഇതിഹാസപുരാണങ്ങളിൽ നിന്നെടുത്തതായിരിക്കണം. കല്പിത ഇതിവൃത്തങ്ങളെയും അംഗീകരിക്കപ്പെട്ടിട്ടുണ്ട്.
ആശിസ്സ്, നമസ്കാരം, വസ്തുനിർദ്ദേശം ഇവയിലൊന്നു കൊണ്ടായിരിക്കണം കാവ്യം ആരംഭിക്കേണ്ടത്. നഗരം, അർണ്ണവം, ശൈലം, ഋതുക്കൾ യുദ്ധം, വിവാഹം, ഉദയം, അസ്തമയം തുടങ്ങി വിഷയങ്ങൾ ഭംഗിയായി വർണ്ണിച്ചിരിക്കണം. നവരസങ്ങളിലൊന്ന് അംഗിയായിരിക്കണം. ധീരോദാത്തനോ, സൽകുലജാതനോ രാജാവോ ആയിരിക്കണം നായകൻ. സർവ്വഗുണസമ്പൂർണ്ണയായിരിക്കണം നായിക. കാളിദാസന്റെ രഘുവംശം, കുമാരസംഭവം, മാഘന്റെ ശിശുപാലവധം, ഭാരവിയുടെ കിരാതാർജ്ജുനീയം, ശ്രീഹർഷന്റെ നൈഷധം എന്നിവ ഈ ലക്ഷണങ്ങളെ സമ്പൂർണ്ണമായി അംഗീകരിക്കുന്ന കൃതികളാണ്. ഈ മഹാകാവ്യങ്ങളുടെ ചുവട് പിടിച്ചാണ് മലയാളത്തിൽ മഹാകാവ്യങ്ങൾ ഉണ്ടായത്.

അഴകത്ത് പത്മനാഭക്കുറുപ്പിന്റെ രാമചന്ദ്രവിലാസമാണ് സർവ്വലക്ഷണയുക്തമായ ആദ്യത്തെ മഹാകാവ്യം. ശബ്ദഭംഗിയിലും അർത്ഥകല്പനയിലും കവി ഒരുപോലെ ശ്രദ്ധ വെക്കുന്നു. വനവാസകാലത്ത് ലക്ഷ്മണൻ ജ്യേഷ്ഠനെ എങ്ങനെയാണ് സംരക്ഷിച്ചുപോന്നതെന്ന് വിശദമായി വിവരിക്കുന്ന ഭാഗം ഇങ്ങനെയാണ്.

".. പർണ്ണങ്ങൾകൊണ്ടു വിരിച്ചിട്ട നമണമേൽ ചെ-
ന്നണൻ പാരം മതിമയങ്ങിയുറങ്ങിയപ്പോൾ
കാർമുകം പിടിച്ചുല ഉറക്കമൊഴിഞ്ഞുകൊണ്ടൻ
തിങ്ങുംമുദാ സഹജനായുധമേന്തി നിന്നാൻ .. " – [illegible]

ഉമാകേരളം: -

മഹാകവി ഉള്ളൂരിന്റെ മഹാകാവ്യമാണിത്. തിരുവിതാംകൂർ ഭരിച്ചിരുന്ന ഉമയമ്മ റാണിയുടെ കഥയാണിതിൽ പ്രതിപാദിച്ചിരിക്കുന്നത്. ആദിത്യവർമ്മ മഹാരാജാവിന്റെ മരണം, കുഞ്ചിപ്പിള്ളക്കുറുപ്പിന്റെ വധം, റാണിയുടെ വിലാപം എന്നിവ മിഴിവോടെ ആവിഷ്കരിക്കുന്നു.

'ഉണ്ടാക്കിക്കിഗിരിനിരകിൽ മേരു വരെത്തൊട്ടിച്ചു-
ന്നുണ്ണായ് ശിവശ്രീയുടെ തങ്കക്കാവ്യം പോൽ
തണ്ടാരിൽ മാതിങ്കടെ കുത്തിവെച്ചിരിക്കുന്നിലോ
കൊമ്പാട്ടുമാഴിയതാം മലയാളരാജ്യം.' — എന്നിങ്ങനെയാണ് ഉമാകേരളം ആരംഭിക്കുന്നത്.

കേശവീയം:

രാജരാജവർമ്മ പ്രസ്ഥാനത്തിന്റെ യശസ്തംഭമായി പ്രശോഭിക്കുന്ന കൃതിയാണ് കെ.സി. കേശവപിള്ള രചിച്ച കേശവീയം. ഭാഗവതം ദശമസ്കന്ധത്തിലെ സ്യമന്തകമാണ് കഥ.

ചിത്രയോഗം:

കഥാസരിത്സാഗരത്തിൽ നിന്ന് എടുത്ത കഥ ആസ്പദമാക്കി വള്ളത്തോൾ രചിച്ച മഹാകാവ്യമാണ് ചിത്രയോഗം.

Dr. MINI NAIR'S
Mob: 9447863592
MALAYALAM CLASSES

Scanned by CamScanner